നം. ഐസിഡിഎസ്/എ6-6874/2020

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി: 30.04.2021
ഇ-മെയിൽdirectorate.wcd@kerala.gov.in
ഫോൺ നം.0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ആഫീസർമാർക്കും
എല്ലാ ജില്ലാ ശിശു സംരക്ഷണ ആഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും
ബന്ധപ്പെട്ട സ്കൂൾ മേലാധികാരികൾക്ക്(സിഡിപിഒ മുഖേന)
സർ

വിഷയം:- വനിത ശിശുവികസന വകുപ്പ്- സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി – സ്കൂൾ കൗൺസിലർമാരുടെ കരാർ പുതുക്കുന്നത്-മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:-
1) സർക്കാർ കത്ത് നം.SJD-E2/113/2020-SLD തീയതി 26.04.2021
2) സ.ഉ(സാ.ധാ.) നം.204/2021/സാ.നീ.വ തീയതി 03.03.2021 പ്രകാരം അംഗീകരിച്ച എസ്.ഒ.പി
3) സ.ഉ(അച്ചടി) നം.56/2017/ധന തീയതി 28.04.2017
4) സ.ഉ(അച്ചടി) നം.81/2019/ധന തീയതി 11/01/2019

സൈക്കോ സോഷ്യൽ പദ്ധതി പ്രകാരം കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന സ്കൂൾ കൗൺസിലർമാരുടെ നിയമനകരാർ പുതുക്കി പുനർനിയമനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (1) പ്രകാരം നൽകിയിട്ടുണ്ട്.ആയതിനാൽ സ്കൂൾ കൗൺസിലർമാരുടെ കരാർ പുതുക്കി പുനർനിയമനം നൽകുന്നതിന് വേണ്ടി ചുവടെ ചേർക്കുന്ന പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) സൂചന(1) പ്രകാരം സ്കൂൾ കൗൺസിലർമാരുടെ കരാർ കാലാവധി അവസാനിക്കുന്ന തീയതി 31.03.2021/30.04.2021 നോ ഏകീകരിക്കണമെന്നും പെർഫോമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിലും കരാർ പുതുക്കാവുന്നതാണെന്നും സൂചന(1) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. സൂചന(3),(4) ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള നിയമനം ഒരു വർഷത്തേയ്ക്ക് മാത്രം പരിമിതപ്പെടുത്താവുന്നതും വകുപ്പ് മേധാവിയ്ക്ക് ബോധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേയ്ക്ക് കൂടി സേവനം ദീർഘിപ്പിച്ച് നൽകാവുന്നതും, രണ്ട് വർഷം കാലാവധിയ്ക്ക് ശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ,സർക്കാർ അനുമതിയോടെ മാത്രമേ കരാർ പുതുക്കാവു എന്നും നിർദ്ദേശിച്ചിട്ടുണ്ട്

2) സ്കൂൾ കൗൺസിലർമാർ സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതിയുടെ സൂചന(2) പ്രകാരമുള്ള എസ്.ഒ. പി യിലെ ഖണ്ഡിക(6) പ്രകാരം Self Appraisal തയ്യാറാക്കി സ്കൂൾ മേലധികാരി counter sign ചെയ്ത് ശിശുവികസന പദ്ധതി ആഫീസർമാർക്ക് നൽകേണ്ടതാണ്. ശിശുവികസന പദ്ധതി ആഫീസർമാർ വ്യക്തമായ ശുപാർശ സഹിതം ജില്ലാ ശിശുസംരക്ഷണ ആഫീസർമാർക്ക് നൽകേണ്ടതും, ജില്ലാ ശിശുസംരക്ഷണ ആഫീസർമാർ കൺവീനറും ജില്ലാ വനിത ശിശു വികസന ആഫീസർമാർ ചെയർപേഴ്സണും,പ്രോഗ്രാം ആഫീസർ അംഗവുമായ ജില്ലാതല കമ്മിറ്റി കൂടി ഓരോ കൗൺസിലർമാരുടെയും self appraisal പരിശോധിച്ച് കൗൺസിലർമാരുടെ ലിസ്റ്റ് ശുപാർശ ചെയ്ത് കമ്മിറ്റി മിനിട്സ് സഹിതം ജില്ലാ വനിത ശിശു വികസന ആഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ഒരു വർഷത്തെ സേവനം പൂർത്തിയാക്കിയവരുടെയും, രണ്ട് വർഷവും അതിലധികവും സേവനം പൂർത്തിയാക്കവരുടെയും വിവരങ്ങൾ പ്രത്യേകം പ്രത്യേകം ലിസ്റ്റാക്കി കമ്മിറ്റി ചെയർപേഴ്സൺ സാക്ഷ്യപ്പെടുത്തിയ ഹാർഡ് കോപ്പി 2 എണ്ണം വീതവും, എക്സൽ ഷീറ്റിൽ ഒരു സോഫ്റ്റ് കോപ്പിയും ചുവടെ ചേർത്തിരിക്കുന്ന മാതൃകയിൽ മിനിറ്റ്സിനോട് ചേർത്ത് ലഭ്യമാക്കേണ്ടതാണ്.

| കൗൺസിലറുടെ പേര് | സ്കൂളിന്റെ പേര് | പൂർത്തിയാക്കിയ സേവന കാലയളവ്(വർഷത്തിൽ), പൂർത്തിയാക്കിയ തീയതി | ഏത് തീയതി മുതൽ കരാർ പുതുക്കി നൽകണം | ജില്ലാ ആഫീസർ ചെയർപേഴ്സണായ സമിതിയുടെ ശുപാർശ (ചെയ്യുന്നു/ഇല്ല) | മറ്റ് അഭിപ്രായങ്ങൾ |
|---|---|---|---|---|---|
| | | | | | |

3) സർക്കാർ നിർദ്ദേശ പ്രകാരം ഏത് തീയതി മുതൽ കരാർ തുടങ്ങിയാലും അവസാനിക്കുന്ന തീയതി ആ വർഷം മാർച്ച് 31 ആയി ഏകീകരിക്കുന്നതാണ്.

4) ഇനി മുതൽ സ്കൂൾ കൗൺസിലർമാർ ഒരോ വർഷവും സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതിയുടെ എസ്.ഒ. പി യിലെ ഖണ്ഡിക(6) പ്രകാരം Self Appraisal തയ്യാറാക്കി ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ ശുപാർശ സഹിതം ഫെബ്രുവരി 5 ന് മുൻപായി ശിശുവികസന പദ്ധതി ആഫീസർമാർക്ക് നൽകേണ്ടതും, ഖണ്ഡിക(2) ലെ പ്രക്രിയ ആവർത്തിച്ച് ജില്ലാ വനിത ശിശു വികസന ആഫീസർമാർ ക്രോഡീകരിച്ച് ആമുഖ കത്ത് സഹിതം ഫെബ്രുവരി അവസാന തീയതിയ്ക്കകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

5) സിഡിപിഒ,ഡിസിപിഒ ,സ്കൂൾ മേലധികാരി എന്നിവർ സ്കൂൾ കൗൺസിലർമാരെ ശുപാർശ ചെയ്യുന്നത് സ്കൂൾ കൗൺസിലർമാരുടെ പ്രവർത്തനമികവിന്റെയും, എസ്.ഒ.പി ഖണ്ഡിക(6) ലെ 6.1 മുതൽ 6.10 വരെയുള്ള നിബന്ധകൾ അനുസരിച്ച് ആണെന്നും ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി

S.N. SIVANYA
Joint Director
Women and Child Development Department
Thiruvananthapuram - 695012

പകർപ്പ്

ഡി പി ഐ(ആമുഖ കത്ത് സഹിതം)